പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 373 　　　　01. 12. 2015 ൽ മറുപടിക്ക്

## പ്രവർത്തനരഹിതമായ വൈദ്യുതി മീറ്ററുകൾ

ചോദ്യം　　　　　　　　　　　　ഉത്തരം

ശ്രീ.വി.എസ്.സുനിൽ കുമാർ
ശ്രീമതി.ഇ.എസ്.ബിജിമോൾ
ശ്രീ.മുല്ലക്കര രത്നാകരൻ
ശ്രീ.വി.ശശി.

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) സംസ്ഥാനത്ത് എത്ര വൈദ്യുതി മീറ്ററുകൾ നിലവിൽ പ്രവർത്തനരഹിതമായിട്ടുണ്ട്; ഇത്രയധികം മീറ്ററുകൾ കേടാകുന്നതിനുള്ള കാരണം വൈദ്യുതി ബോർഡ് അന്വേഷിച്ച് കണ്ടെത്തിയിട്ടുണ്ടോ ? | (എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ അധീനതയിലുള്ള ആകെ വൈദ്യുത കണക്ഷനുകളിൽ 635470 (5.465%) വൈദ്യുത മീറ്ററുകൾ (31.10.2015 ലെ കണക്ക് പ്രകാരം) കേടായവയുണ്ട്.<br><br>ഉപഭോക്താവിന്റെ പ്രിമിസസിൽ സ്ഥാപിച്ചിരിക്കുന്ന വൈദ്യുത മീറ്ററുകൾ ഇലക്ട്രിക് ലൈനുമായി നേരിട്ട് ബന്ധിപ്പിച്ചിരിക്കുന്നത് കൊണ്ട് ലൈനിൽ ഉണ്ടാകുന്ന തകരാറുകൾ ഇലക്ട്രിക് മീറ്ററിനെ ബാധിക്കാനുള്ള സാധ്യത കൂടുതലാണ്. ഇടി, മിന്നൽ തുടങ്ങിയ പ്രകൃതിക്ഷോഭം മൂലവും മീറ്ററുകൾക്ക് തകരാർ സംഭവിക്കുന്നുണ്ട്. നിയമാനുസൃതം വൈദ്യുത മീറ്ററുകൾ കെട്ടിടത്തിന്റെ പുറം ചുമരിലാണ് സ്ഥാപിക്കേണ്ടത്, അതുകൊണ്ട് തന്നെ കാലാവസ്ഥാ വ്യതിയാനങ്ങളും മീറ്ററിനെ ബാധിക്കുന്നുണ്ട്. ഇതിനൊക്കെ പുറമെ വൈദ്യുതി മീറ്ററിനുള്ളിലുള്ള അതിനൂതനമായ ഇലക്ട്രോണിക് കമ്പോണൻസിന്റെ തകരാറു മൂലവും മീറ്ററുകൾ പ്രവർത്തനരഹിതമാകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ